## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:2038** **05/12/2018 ൽ മറുപടിയ്ക്ക്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഹൈബി ഈഡൻ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായ അപേക്ഷകളിൽ അനുവദിക്കേണ്ട തുക എത്രയെന്ന് നിശ്ചയിക്കുന്നതിന് വ്യക്തവും കൃത്യവുമായ വ്യവസ്ഥകൾ/ചട്ടങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത അപേക്ഷകളിൽ സമാനമായ തുക സഹായം ലഭിക്കേണ്ട വ്യക്തികൾക്ക് വ്യത്യസ്ത തുക നൽകുന്നത് വഴി വിവേചനം നിലനിൽക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) മാരകരോഗങ്ങൾക്ക് ചികിത്സാധന സഹായം, അപകടമരണങ്ങൾക്ക് ഇരയായവരുടെ ആശ്രിതർക്ക് ധനസഹായം, ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത വീട്ടുകൾക്കും ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും തീപിടുത്തത്തിൽ നാശനഷ്ടം ഉണ്ടായാൽ ധനസഹായം, കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം തുടങ്ങിയവയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രധാനമായും നൽകിവരുന്നത്. ധനസഹായത്തിന് അപേക്ഷ നൽകുന്നതിനുള്ള അപേക്ഷകന്റെ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ ആണ്. അപകടമരണങ്ങൾക്ക് ഇരയായവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ ആണ് ധനസഹായം നൽകുന്നത്. തീപിടുത്തത്തിൽ നാശനഷ്ടം ഉണ്ടായിട്ടുള്ളവർക്ക് 15000/- രൂപ വരെ ധനസഹായം നൽകിവരുന്നു. ചികിത്സാധന സഹായത്തിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ രോഗത്തിന്റെ തീവ്രതയ്ക്കും ചികിത്സാചെലവിനും ആനുപാതി |

കമായി ധനസഹായം അനുവദിച്ചു വരുന്നു. മാരകമായ അസുഖങ്ങൾക്ക് ചികിത്സ വേണ്ടി വരികയും ആ അസുഖങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ മാത്രമായി ചികിത്സ ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ചികിത്സാചെലവ് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും നിലവിലെ മാനദണ്ഡ പ്രകാരം നൽകുന്ന മിനിമം തുകയിൽ നിന്നും ഒരാൾക്ക് പരമാവധി മൂന്ന് ലക്ഷം രൂപ വരെ അനുവദിക്കാറുണ്ട്. ഗുരുതരമായ രോഗങ്ങൾക്ക് ഒരിക്കൽ ധനസഹായം അനുവദിച്ചു കഴിഞ്ഞ ശേഷം രണ്ടു വർഷം കഴിഞ്ഞ് വീണ്ടും അപേക്ഷിക്കാവുന്നതാണ്. ഒരേ രോഗം ബാധിച്ച രണ്ടു അപേക്ഷകളിൽ രോഗത്തിന്റെ വ്യാപ്തി വ്യത്യസ്തമാകുന്ന പക്ഷം തുക വ്യത്യാസപ്പെടാവുന്നതാണ്. എന്നാൽ തികച്ചും അർഹമെന്നു തോന്നുന്ന കേസുകളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്.

| | |
|---|---|
| സി) അപേക്ഷ സ്വീകരിക്കാതെ എത്ര പേർക്ക് ഔട്ട് ഓഫ് അജണ്ടയായി പണവും ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്; അവരുടെ പേര് വിവരം വെളിപ്പെടുത്തുമോ? | സി) ദുരന്തപൂർണ്ണമായ സംഭവങ്ങളിലും സത്വര നടപടി ആവശ്യവുമായ കേസുകളിൽ നിശ്ചിത അപേക്ഷ സ്വീകരിക്കാതെ തന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ക്യാബിനറ്റ് തീരുമാന പ്രകാരം അനുവദിക്കുന്നുണ്ട്. |

Smitha A.S.

**സെക്ഷൻ ഓഫീസർ.**